# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ; തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


നം.പി.എസ്.1(ബി)/'കോവിഡ്-19/മുൻകരുതൽ/2020 തീയതി : 19.03.2020

## പരിപത്രം

വിഷയം:- 'കോവിഡ് - 19' വ്യാപനം തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1. സ.ഉ (സാധാ) നം.620/2020/തസ്വഭവ തീയതി 14.03.2020.
2. സ.ഉ.നം.എസ്.എസ്.1/2020/പൊ.ഭ.വ. തീയതി 18.03.2020.

സംസ്ഥാനത്ത് കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മേൽ സൂചന സർക്കാർ ഉത്തരവുകളിലൂടെ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മുഴുവൻ കാര്യാലയങ്ങളിലും കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിലേക്ക് താഴെ പറയുന്ന മാർഗ്ഗ നർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**മുൻകരുതൽ നടപടികൾ**

1) ശരിയായ വ്യക്തി ശുചിത്വമാണ് കോവിഡ് - 19 പകരുന്നത് തടയുന്നതിൽ അതിപ്രധാനം. അതിനാൽ വ്യക്തി ശുചിത്വം പാലിക്കുന്നതുമായി ബന്ധപ്പെട്ട മതിയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ / ജീവനക്കാർ / കരാർ തൊഴിലാളികൾക്കിടയിലും ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്കിടയിലും നടത്തേണ്ടതാണ്.

2) ഓഫീസിലും പരിസരപ്രദേശങ്ങളിലും തുപ്പുന്നത് ഒഴിവാക്കൽ, തുമ്മുമ്പോഴും ചുമക്കുമ്പോഴും വായും മൂക്കും തുവാലകൊണ്ട് മൂടുക, കൈ ഇടക്കിടെ ശരിയായ അണുനാശിനികൾ ഉപയോഗിച്ചുകഴുകുക.

3) പനി ജലദോഷം തുടങ്ങിയ ലക്ഷണങ്ങൾ ഉള്ളവർ പൊതു സമ്പർക്കം ഒഴിവാക്കൽ, മുഖാവരണം ഉപയോഗിക്കൽ തുടങ്ങി ആരോഗ്യവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഓഫീസിനുള്ളിലും പരിസരത്തിലും അവലംഭിക്കേണ്ടതാണ്.

4) എല്ലാ ഓഫീസുകളിലും സന്ദർശകരെ നിയന്ത്രിക്കേണ്ടതാണ്. ഔദ്യോഗിക കാര്യങ്ങൾക്ക് അത്യാവശ്യമുള്ള സന്ദർശകരെ മാത്രം പ്രവേശിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം.

5) അത്യാവശ്യമല്ലാത്ത ഔദ്യോഗിക യാത്രകളും അടിയന്തിരമല്ലാത്ത എല്ലാ മീറ്റിംങ്ങുകളും ഒഴിവാക്കേണ്ടതാണ്.

6) ജീവനക്കാർ കൂടിച്ചേരുന്ന പരിപാടികൾ നിർബന്ധമായി ഒഴിവാക്കാൻ നിർദ്ദേശം നൽകേണ്ടതാണ്. ഓഫീസുകളിൽ പ്രവർത്തിക്കുന്ന ജിം/റിക്രിയേഷൻ ക്ലബ്ബുകൾ/ക്രഷുകൾ തുടങ്ങിയവയുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടതാണ്.

7) ജീവനക്കാരും പൊതുജനങ്ങളും പതിവായി സ്പർശിക്കാൻ സാധ്യതയുള്ള ഇടങ്ങൾ കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കേണ്ടതാണ്.

8) ശുചിമുറികളിൽ സ്ഥിരമായി സോപ്പ്/വെള്ളം/സാനിറ്റൈസർ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.

9) പ്രായമേറിയ ജീവനക്കാർ, ഗർഭിണികൾ, മറ്റ് അസുഖമുള്ളവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുകയും അവരെ പൊതുജനങ്ങളുമായി നേരിട്ട് ഇടപെടേണ്ട ജോലികളിൽ നിന്നും കഴിയുന്നത്ര ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

10) ലിഫ്റ്റുകൾ ഉപയോഗിക്കുന്നത് പരമാവധി ഒഴിവാക്കേണ്ടതാണ്. ശാരീരിക വൈകല്യം ഉള്ളവർ, പടികൾ കയറുന്നതിന് മറ്റ് ബുദ്ധിമുട്ടുകൾ ഉള്ളവർ എന്നിവർ ഒഴികെ മറ്റെല്ലാ ജീവനക്കാരും ലിഫ്റ്റ് ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

11) എല്ലാ ജീവനക്കാരും തങ്ങളുടെ ആരോഗ്യം സംരക്ഷിക്കുവാനുള്ള നടപടികൾ സ്വയം സ്വീകരിക്കേണ്ടതാണ്.

12) കോവിഡ് - 19 വൈറസ് ബാധ സംബന്ധിച്ച് അസത്യങ്ങളും അശാസ്ത്രീയതകളും പ്രചരിപ്പിക്കുകയോ കുപ്രചരണങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്ന ജീവനക്കാർ കർശനമായ അച്ചടക്ക നടപടികൾക്ക് വിധേയരാകേണ്ടിവരും.

സംസ്ഥാനത്ത് കോവിഡ് - 19 വ്യാപനത്തിന്റെ സാധ്യതയും വേഗതയും ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 'Break the chain' എന്ന പേരിൽ ബ്രഹത്തായ ഒരു ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഈ ക്യാമ്പയിന്റെ ഭാഗമായി സർക്കാർ / അർദ്ധസർക്കാർ / പൊതുമേഖലാസ്ഥാപനങ്ങൾ / ബാങ്കുകൾ എന്നിവയിൽ ജീവനക്കാരും പൊതുജനങ്ങളും പ്രവേശിക്കുന്നതിന് മുൻപ് Hand Sanitizer അല്ലെങ്കിൽ ഹാൻഡ് വാഷ്സോപ്പ് ഇവയിൽ ഏതെങ്കിലും ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയും, അത്തരം സൗകര്യങ്ങൾ ജീവനക്കാരും പൊതു ജനങ്ങളും ഉപയോഗിക്കുന്നു എന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിനായി എല്ലാ ഓഫീസുകളുടേയും കാവടത്തോട് ചേർന്ന് Break the chain കിയോസ്കുകൾ സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത പരിപാടിയുടെ പ്രാധാന്യം ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് വിശദീകരിച്ചു നൽകേണ്ടതാണ്.

**<u>രോഗം റിപ്പോർട്ട് ചെയ്താൽ</u>**

1) ഏതെങ്കിലും ജീവനക്കാരനോ / കരാർ ജീവനക്കാരനോ അവരുടെ ബന്ധുക്കൾക്കോ രോഗം ബാധിച്ചിട്ടുണ്ടെങ്കിൽ അത്തരക്കാർക്ക് ആരോഗ്യവകുപ്പിന്റെ മാർഗ്ഗ രേഖ അനുസരിച്ചുള്ള ചികിത്സ ഉറപ്പാക്കണം.

2) അത്തരം ജീവനക്കാരെ / കരാർ ജീവനക്കാരെ ഔദ്യോഗിക ചുമതലകളിൽ നിന്നും ഒഴിവാക്കി നിർദ്ദിഷ്ടകാലം പൊതു സമ്പർക്ക വിലക്കിന് വിധേയമായി കഴിയുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അത്തരം ജീവനക്കാർക്ക് അവധി അനുവദിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ അത്തരം അവധി അപേക്ഷ വന്നാൽ ഉടൻ തന്നെ അനുവദിച്ച നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

3) രോഗ ബോധിതനായ ജീവനക്കാരൻ / കരാർ ജീവനക്കാരനുമായി അടുത്ത സമ്പർക്കത്തിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ / കരാർ ജീവനക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകരെ അറിയിക്കേണ്ടതും അത്തരക്കാരോട് ഔദ്യോഗിക ചുമതലകൾ ഒഴിവാക്കി നിരിക്ഷണത്തിൽ കഴിയാൻ നിർദ്ദേശിക്കേണ്ടതുമാണ്.

'കോവിഡ്- 19' സംബന്ധിച്ച് ജീവനക്കാർ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് എല്ലാ ജീവനക്കാരും കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്
സെക്രട്ടറി (ഭരണം)

പകർപ്പ് :

എല്ലാ ചീഫ് എഞ്ചിനീയർമാരും / എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരും /എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റികൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, സി.പി, ആർ.ഇ.ഇ.എസ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
19/3/2020
സീനിയർ സൂപ്രണ്ട്

അനുബന്ധം

## ചെയ്യേണ്ടവ

- വ്യക്തിപരമായ ശുചിത്വവും ശാരീരിക അകലവും പാലിക്കേണ്ടതാണ്
- ദൃശ്യപരമായി വൃത്തിയാണെങ്കിൽ പോലും സോപ്പും വെള്ളവും ഉപയോഗിച്ച് അല്ലെങ്കിൽ ആൽക്കഹോൾ അടങ്ങിയ ഹാൻഡ് റബ് ഉപയോഗിച്ച് കൃത്യമായ ഇടവേളകളിൽ കൈ കഴുകുന്നത് ശീലമാക്കുക.
- ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല അല്ലെങ്കിൽ ടിഷ്യു ഉപയോഗിച്ച് മൂക്കും വായും മറയ്ക്കുക.
- ഉപയോഗിച്ച ടിഷ്യുകൾ/ മാസ്കുകൾ തുടങ്ങിയവ അടപ്പുള്ള ചവറ്റുകുട്ടയിൽ സുരക്ഷിതമായി ഉപേക്ഷിക്കുക.
- പനിയോ മറ്റ് രോഗ ലക്ഷണങ്ങൾ ഉള്ളവരിൽ നിന്നും സുരക്ഷിതമായ അകലം പാലിക്കുക.
- തൂവാല അല്ലെങ്കിൽ ടിഷ്യൂ ലഭ്യമല്ലാത്ത വേളകളിൽ തുമ്മുമ്പാൾ ഉള്ളം കൈ ഉപയോഗിക്കാതെ കൈമുട്ടിന്റെ അകഭാഗം ഉപയോഗിക്കുക.
- ശ്വാസ സംബന്ധമായ അസുഖങ്ങളുണ്ടോ എന്നും ശരീര ഊഷ്മാവ് കൂടുന്നുണ്ടോയെന്നും ശരിയായ ഇടവേളകളിൽ പരിശോധിക്കുകയും പനിയോ, ശ്വാസ തടസ്സമോ, ചുമയോ അനുഭവപ്പെടുന്നുണ്ടെങ്കിൽ ഉടനടി ഡോക്ടറുടെ സേവനം തേടേണ്ടതുമാണ്. ഡോക്ടറുടെ അടുത്തേക്ക് പോകുമ്പോൾ വായും മൂക്കും തുണിയോ മാസ്കോ കൊണ്ട് മൂടേണ്ടതാണ്.
- പനി, ഫ്ലൂ തുടങ്ങിയ രോഗ ലക്ഷണങ്ങൾ അനുഭവപ്പെട്ടാൽ ഉടനടി സംസ്ഥാന സർക്കാരിന്റെ 24x7 ടോൾ ഫ്രീ ഹെൽപ് ലൈൻ നമ്പറായ 1056 ലോ 0471-2552056 ലോ അതുമല്ലെങ്കിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ഹെൽപ് ലൈൻ നമ്പറായ 011-23978046 ലോ ബന്ധപ്പെടേണ്ടതാണ്.

## ചെയ്യരുതാത്തത്

- ഹസ്തദാനം
- ചുമയോ പനിയോ അനുഭവപ്പെടുമ്പോൾ ആളുകളുമായി അടുത്തിടപഴകുന്നത്.
- കണ്ണ്, മൂക്ക്, വായ എന്നിവടങ്ങളിൽ തൊടുന്നത്.
- ഉള്ളം കൈയിലേക്ക് തുമ്മുകയും ചുമയ്ക്കുകയും ചെയ്യുന്നത്.
- പൊതുസ്ഥലങ്ങളിൽ തുപ്പുന്നത്.
- അനാവശ്യ യാത്രകൾ, പ്രത്യേകിച്ച് വൈറസ് ബാധ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങളിൽ.
- കൂട്ടമായി ക്യാന്റീനുകളിൽ ഇരിക്കുന്നത് ഉൾപ്പടെയുള്ള വലിയ കൂടിചേരലുകളിൽ പങ്കെടുക്കുന്നത്.
- ജിമ്മുകൾ, ക്ലബ്ബുകൾ മറ്റ് തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സന്ദർശിക്കുന്നത്.
- കുപ്രചരണങ്ങളും പരിഭ്രാന്തിയും പരത്തുന്നത്